പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനൊന്നാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പശ്ചിമ ബംഗാൾ, ഛത്തീസ്ഗഢ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021)

## പതിനൊന്നാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

(പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിലെ മലയാളികളുടെ പ്രശ്നങ്ങളും അവയുടെ പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച്)

221/2021.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2019-2021)

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.

**അംഗങ്ങൾ :**

ശ്രീ. പാറക്കൽ അബ്ദുല്ല എം.എൽ.എ.

ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.

ശ്രീ. ആന്റണി ജോൺ, എം.എൽ.എ.

ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.

ശ്രീ. മാണി. സി. കാപ്പൻ, എം.എൽ.എ.

ശ്രീ. എം. രാജഗോപാലൻ, എം.എൽ.എ.

ശ്രീ. കാരാട്ട് റസാഖ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ജയശ്രീ എം., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

## ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സർക്കാരിന്റെ പ്രവാസി ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലം മറുനാടൻ മലയാളികൾക്ക് എത്രത്തോളം ലഭ്യമാകുന്നുണ്ടെന്ന് മനസ്സിലാക്കുന്നതിനായി 2019 ആഗസ്റ്റ് മാസം 4 മുതൽ 11 വരെയുള്ള തീയതികളിൽ പശ്ചിമ ബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളിൽ സമിതി അഖിലേന്ത്യാ പഠനപരിപാടി സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത പഠന പരിപാടിയിൽ സമിതി കൊൽക്കത്ത, ഭിലായ്, റായ്പൂർ എന്നീ നഗരങ്ങൾ സന്ദർശിക്കുകയും അവിടെയുള്ള മലയാളികളുമായും അവരുടെ സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും ശിപാർശകളുമടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2020 മാർച്ച് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
13-1-2021.

## റിപ്പോർട്ട്

കേരളത്തിന് പുറത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലായി ലക്ഷോപലക്ഷം മലയാളികളാണ് അധിവസിച്ചുവരുന്നത്. മറുനാടൻ മലയാളികളെ തീരാശാപം പോലെ പിന്തുടരുന്ന ഒന്നാണ് അന്യഥാബോധം. ഇവർക്ക് ജന്മനാട്ടിൽ അവകാശങ്ങളോ കുടിയേറിപ്പാർക്കുന്നയിടങ്ങളിൽ വേണ്ടത്ര അംഗീകാരമോ ലഭിക്കുന്നില്ലെന്നതാണ് യാഥാർത്ഥ്യം. മലയാളി സംഘടനകൾ ഒരു പരിധി വരെ മറുനാടൻ മലയാളികൾക്ക് താങ്ങും തണലുമായി പ്രവർത്തിക്കുന്നുണ്ട്.

2. ഇത്തരുണത്തിൽ മറുനാടൻ മലയാളികളുടെ അവകാശവും സംരക്ഷണവും കാംക്ഷിച്ചുകൊണ്ട് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കപ്പെടുന്ന ഹർജികളിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുകയും ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്യുന്നതിലൂടെ മറുനാടൻ മലയാളികളുടെ ഒരു നേർക്കാഴ്ച വരച്ചുകാട്ടുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിനെ ബോദ്ധ്യപ്പെടുത്താനും സമിതിയ്ക്ക് കഴിയുന്നുണ്ട്. സമിതിയ്ക്ക് ലഭിക്കുന്ന വിവിധ ഹർജികളിന്മേൽ, സമിതി സമയോചിതമായ ഇടപെടലുകൾ കൈക്കൊണ്ടതു വഴി ഹർജിക്കാർക്ക് അനുകൂലമായ രീതിയിൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സാധിച്ചു എന്നതിൽ സമിതിയ്ക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. സമിതിയുടെ ഇടപെടൽ മൂലം പരിഹരിക്കപ്പെട്ട നിരവധി വിഷയങ്ങൾ ഉണ്ടെങ്കിലും പ്രവാസി പെൻഷൻ ലഭിക്കുന്നതിനുള്ള പ്രായപരിധി 55-ൽ നിന്നും 60 ആയി ഉയർത്തിയതും പെൻഷൻ തുക 500-ൽ നിന്നും 2000 രൂപയായി ഉയർത്തിയതും സാന്ത്വന ചികിത്സാ പദ്ധതിയിലൂടെ നിരവധി പേർക്ക് സഹായമെത്തിക്കാൻ കഴിഞ്ഞതും ('കാരുണ്യ' പദ്ധതിയിലൂടെ) ഗൾഫിൽ മരണപ്പെട്ട പ്രവാസികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുവാനും സമിതിയ്ക്ക് കഴിഞ്ഞുവെന്നത് അഭിമാനപൂർവ്വമായ നേട്ടങ്ങളായി സമിതി കരുതുന്നു.

3. പ്രവാസി മറുനാടൻ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ സംബന്ധിച്ച് സാംസ്കാരിക സംഘടനകൾ, മലയാളി സംഘടനാ പ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും നിവേദനങ്ങൾ സ്വീകരിക്കുവാനും അവരുടെ പ്രശ്നങ്ങൾ സമിതി മുമ്പാകെ ഉന്നയിക്കാനുമുള്ള ഒരു വേദി എന്ന നിലയിൽ സമിതിയുടെ അഖിലേന്ത്യാ പഠന പര്യടനങ്ങൾക്ക് വളരെയേറെ പ്രസക്തിയുണ്ട്. ഇത്തരം യോഗങ്ങളിൽ വച്ച് സംഘടനാ പ്രതിനിധികൾ ഉന്നയിക്കുന്ന വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി സാധ്യമായവയിന്മേൽ പരിഹാരം നിർദ്ദേശിക്കുവാൻ സമിതി ശ്രമിക്കാറുണ്ട്. ഇന്ത്യയ്ക്കകത്തുള്ള പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ട്

മനസ്സിലാക്കുന്നതിനും, മലയാളി സംഘടനകളുമായി ആശയവിനിമയം നടത്തുന്നതിനുമായി കേരള നിയമസഭയുടെ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2019-2021) 2019 ആഗസ്റ്റ് മാസം 4 മുതൽ 11-ാം തീയതി വരെ പശ്ചിമബംഗാൾ, ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങൾ സന്ദർശിക്കുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിനിടയിൽ സമിതി കൊൽക്കത്ത, ഭിലായ്, റായ്പൂർ എന്നീ നഗരങ്ങളിലെ മലയാളി സംഘടനകളുമായും നോർക്ക വകുപ്പിലെ ഉദ്യോഗസ്ഥരുമായും പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

4. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അധിവസിക്കുന്ന ബഹുഭൂരിപക്ഷം മലയാളികൾക്കും നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ചും പൂർണ്ണമായ അറിവില്ലെന്നതാണ് യാഥാർത്ഥ്യമെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിന് പ്രതിവിധിയായി വകുപ്പിന്റെ പ്രവർത്തനങ്ങളെയും നടപ്പിലാക്കുന്ന പദ്ധതികളെയും സംബന്ധിച്ച വിവരങ്ങൾ പരസ്യങ്ങളിലൂടെയും മറ്റ് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും പ്രവാസി മലയാളികളിലെത്തിക്കണമെന്ന അഭിപ്രായത്തോട് സമിതി പൂർണ്ണമായും യോജിക്കുന്നു.

5. കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖല ആസ്ഥാനം ആരംഭിക്കണമെന്ന ദീർഘകാല ആവശ്യം സാക്ഷാത്കരിച്ചാൽ ആയത് ആൻഡമാൻ & നിക്കോബാർ ദ്വീപുകൾ അടക്കം ഒഡീഷ മുതൽ അസം, മേഘാലയ ഉൾപ്പെടെയുള്ള കിഴക്കൻ, വടക്കു കിഴക്കൻ മേഖലയിൽ അധിവസിക്കുന്ന മലയാളികൾക്ക് ഉപകാരപ്രദമാകുമെന്ന് സമിതി കരുതുന്നു. ആയതിനാൽ കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖലാ കാര്യാലയം ആരംഭിക്കുണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. ഇന്ത്യയിലെ ആകെ പ്രവാസികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തവരുടെ എണ്ണം തുലോം കുറവാണെന്നും ആയത് ക്ഷേമ പെൻഷൻ തുക വർദ്ധിപ്പിക്കുന്നതിന് വിഘാതമായി നിൽക്കുന്നു എന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അകം പ്രവാസികൾക്ക് ക്ഷേമനിധി ബോർഡിൽ ഓൺലൈൻ മുഖേന അംഗത്വം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. കേരളത്തിലെ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് പ്രവേശനം നടക്കുന്ന വേളയിൽ "നേറ്റിവിറ്റി സർട്ടിഫിക്കറ്റ്" ആവശ്യപ്പെടുന്നുണ്ടെന്നും വർഷങ്ങളായി കേരളത്തിന് പുറത്ത് താമസിക്കുന്നവരും

എന്നാൽ നാട്ടിൽ സ്വന്തം പേരിൽ ഭൂമിയില്ലാത്തവരുമായ ഭൂരിഭാഗം പ്രവാസികൾക്കും കരം അടച്ച രസീത് ഹാജരാക്കി നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സാധിക്കാതെ വരുന്നു. അവർക്ക് മേൽ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയത്തിന് പരിഹാരമായി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ താമസിക്കുന്ന മറുനാടൻ മലയാളികൾക്ക് എല്ലാ ആവശ്യങ്ങൾക്കും ഉപകരിക്കുന്നതിനായി, പുറം പ്രവാസികൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. കൊൽക്കത്തയിൽ മലയാളികൾക്കിടയിൽ മലയാള ഭാഷയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കാൻ മലയാളം പഠിപ്പിക്കുന്നതിനായി വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും സർക്കാർ നൽകുന്ന സർട്ടിഫിക്കറ്റ് ലഭിക്കുവാൻ കാലതാമസം നേരിടുന്നത് പരിഹരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ മലയാളഭാഷ പഠിപ്പിക്കുന്നു എന്നറിഞ്ഞതിൽ സംതൃപ്തി അറിയിക്കുന്നതിനോടൊപ്പം, മറുനാടൻ മലയാളികളിൽ മാതൃഭാഷാവബോധം സൃഷ്ടിക്കുന്നതിനായി മലയാളി സംഘടനകളുടെ സഹകരണത്തോടെ 'മലയാളം മിഷൻ' പദ്ധതിയുടെ പ്രവർത്തനം റായ്പൂർ, ഭിലായ് എന്നീ മേഖലകളിൽ കൂടി വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കേരളത്തിലേയ്ക്കും തിരിച്ചുമുള്ള യാത്രയിൽ അനുഭവിക്കേണ്ടിവരുന്ന യാത്രാക്ലേശമാണ് മറുനാടൻ മലയാളികൾ അഭിമുഖീകരിക്കുന്ന മറ്റൊരു ഗൗരവതരമായ പ്രശ്നം. കൂടാതെ ദീർഘദൂര ട്രെയിനുകളിൽ നടക്കുന്ന മോഷണം, കോച്ചുകളുടെ ശോച്യാവസ്ഥ എന്നിവ സംബന്ധിച്ച പരാതികൾ സമിതി സഗൗരവം കണക്കിലെടുക്കുന്നു. കിഴക്കൻ, വടക്ക കിഴക്കൻ മേഖലയിലെ അകം പ്രവാസി മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ശുചിത്വവും, സുരക്ഷയും ഉറപ്പാക്കി കൊൽക്കത്തയിൽ നിന്നും കേരളത്തിലേയ്ക്ക് ദിവസേന ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാൻ കേന്ദ്രത്തോട് ശിപാർശ ചെയ്യുവാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ ഭിലായിയിൽ നിന്നുള്ള ട്രെയിനുകൾ ഷൊർണ്ണൂർ വഴി സർവ്വീസ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. ഉത്സവകാലത്ത് വിമാന കമ്പനികൾ യാത്രാനിരക്ക് ക്രമാതീതമായി വർദ്ധിപ്പിക്കുന്ന വസ്തുത സമിതി ഗൗരവമായി വീക്ഷിക്കുന്നു. റായ്പൂർ മേഖലയിലെ മലയാളികളുടെ അഭ്യർത്ഥന കണക്കിലെടുത്ത് നിർത്തലാക്കിയ റായ്പൂർ-കൊച്ചി വിമാന സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

11. പതിറ്റാണ്ടുകൾ കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന അകം പ്രവാസികളിൽ ചിലർക്കെങ്കിലും കേരളത്തിലോ തൊഴിൽ സ്ഥലത്തോ സ്വന്തമായി വീടില്ലാത്ത അവസ്ഥ ഉണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. <u>ഈ പ്രശ്നത്തിന് ഒരു താൽക്കാലിക പരിഹാരമായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ 'ഷെൽട്ടർ ഹോമുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

12. <u>സംസ്ഥാനത്ത് ഡി.ജി.പി. ഓഫീസിൽ പ്രവർത്തിക്കുന്ന NRI സെല്ലിൽ അകം പ്രവാസികളുടെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ കൂടി കൈകാര്യം ചെയ്യുന്നതിനായി സംവിധാനമുണ്ടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

13. ഭിലായ് ഉൾപ്പെടെയുള്ള നഗരങ്ങളിലെ മലയാളികളുടെ കണക്കുവെച്ച് നോക്കുമ്പോൾ ക്ഷേമനിധിയിൽ അംഗങ്ങളായവർ വളരെ കുറവാണെന്ന് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. റായ്പൂരിലോ ഭിലായിലോ നോർക്ക ഓഫീസ് തുറക്കുന്നതിലൂടെ നാട്ടിൽ നടക്കുന്ന കോടതി വ്യവഹാരങ്ങളിൽ നോർക്ക മുഖേന നിയമസഹായങ്ങൾ ലഭ്യമാക്കാവുന്നതാണെന്ന് സമിതി വിലയിരുത്തുന്നു.

14. വിവിധ സ്ഥലങ്ങളിലെ മലയാളി സംഘടനകളുമായി നടത്തിയ ചർച്ചകൾ വളരെയധികം ഫലപ്രദമായിരുന്നതായും, നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുവാൻ ഈ സന്ദർശനം സഹായകരമാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

## സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും

1. കേരള സർക്കാർ, നോർക്ക വകുപ്പ് മുഖേന പ്രവാസി മലയാളികൾക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെയും ക്ഷേമ പ്രവർത്തനങ്ങളേയും സംബന്ധിച്ച് പ്രവാസി മലയാളികളിൽ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ മുഖേന പ്രചരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. രാജ്യത്തിന്റെ കിഴക്കൻ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെ പ്രവാസികൾക്കുവേണ്ടി കൊൽക്കത്ത കേന്ദ്രമാക്കി നോർക്ക വകുപ്പിന്റെ ഒരു മേഖലാ കാര്യാലയം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3. മറുനാടൻ മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി കേരളത്തിലേയ്ക്ക് കൊൽക്കത്തയിൽ നിന്നും ദിവസേന ട്രെയിൻ സർവ്വീസ് നടത്തുന്നതിനും ട്രെയിനുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

4. മലയാള ഭാഷാപഠനത്തിന് കൂടുതൽ ഊന്നൽ നൽകുന്നതിനായി ഭിലായ്, റായ്പൂർ എന്നിവിടങ്ങളിൽ മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. പലവിധ കാരണങ്ങളാൽ നാട്ടിലേയ്ക്ക് മടങ്ങി പോകാനാകാത്തവരും, നാട്ടിലും തൊഴിലിടങ്ങളിലും സ്വന്തമായി വീടില്ലാത്തവരുമായ മലയാളികൾക്കായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ 'ഷെൽട്ടർ ഹോമുകൾ' സ്ഥാപിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

6. സംസ്ഥാനത്ത് ഡി.ജി.പി. ഓഫീസിൽ പ്രവർത്തിക്കുന്ന NRI സെല്ലിൽ അകം പ്രവാസികളുടെ വിവിധ മേഖലകളിലെ പ്രശ്നങ്ങൾ കൂടി കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. റായ്പൂർ-കൊച്ചി വിമാന സർവ്വീസ് പുനരാരംഭിക്കുന്നതിനും, ഫ്ളൈറ്റിന്റെ ഫ്ലക്സി റേറ്റിന് കടിഞ്ഞാണിടുന്നതിനും സമ്മർദ്ദം ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

8. വർഷങ്ങളായി മറുനാടുകളിൽ താമസിക്കുകയും ഭൂമിയോ വീടോ കേരളത്തിലില്ലാത്ത മലയാളികളുടെ മക്കൾക്ക് കേരളത്തിൽ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഡ്മിഷൻ എടുക്കുന്ന സമയത്ത് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിക്കാത്തതിനാൽ പ്രവേശനത്തിന് ബുദ്ധിമുട്ട് നേരിടുന്ന അവസ്ഥ ഒഴിവാക്കുന്നതിനായി ഇന്ത്യയുടെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾക്ക് എല്ലാ ആവശ്യങ്ങൾക്കും ഉപകരിക്കുന്നതിനായി പുറം പ്രവാസികൾക്ക് നൽകുന്ന തിരിച്ചറിയൽ കാർഡിന്റെ മാതൃകയിൽ ഒരു തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സാക്ഷരതയിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അഭ്യസ്തവിദ്യരായ യുവാക്കളാണ്. അവരാണ് ഇന്ത്യയുടെ മൂലധനം എന്ന് മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ.അബ്ദുൾ കലാം അഭിപ്രായപ്പെട്ടത് അർത്ഥവത്താണ്. ഇവരിൽ നിന്നുള്ള ഒരു വിഭാഗമാണ് ഉപജീവനാർത്ഥം കേരളത്തിനു പുറത്ത് താമസിച്ച് മറുനാടൻ മലയാളികളായിത്തീരുന്നത്. ഉപജീവനത്തിനപ്പുറം കേരളത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കിയ പ്രവാസി മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ കൈത്താങ്ങാകാനും അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കരുതൽ നടപടികൾ സ്വീകരിക്കാനും സമിതി സദാ സന്നദ്ധമാണ്. അതിനായി യഥാസമയം സർക്കാരിലേയ്ക്ക് ശിപാർശകൾ നൽകിവരുന്നുണ്ട്. ഇത്തരക്കാരുടെ ജീവിതയാത്രയിൽ ഏതെങ്കിലും ഒരു രീതിയിൽ താങ്ങാകാനുള്ള നടപടികളാണ് സമിതി ശിപാർശ ചെയ്യുന്നത്. പ്രസ്തുത ശിപാർശകൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പൂർണ്ണമായ പിന്തുണ സമിതി പ്രതീക്ഷിക്കുന്നു.

കെ. വി. അബ്ദുൾ ഖാദർ,

*അദ്ധ്യക്ഷൻ,*

*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
13-1-2021.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.